## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5812 — 05.07.2013-ലെ മറുപടിക്ക്

### പാലങ്ങൾക്ക് ടോൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് പണിതിട്ടുള്ള എത്ര രൂപവരെ ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ ചുമത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പ് പണിതിട്ടുള്ള അഞ്ച് കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവ് വേണ്ടി വരുന്ന പാലങ്ങൾക്കാണ് ടോൾ പിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലെ ടോൾ ആക്റ്റ് പ്രകാരം ദേശീയ പാതയിൽ വരുന്ന 10 കോടി രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ ബാധകമായിരിക്കും. ആർ.ബി.ഡി.സി.കെ., കേരള റോഡ് ഫണ്ട് ആക്റ്റ് പ്രകാരമാണ് ടോൾ പിരിക്കുന്നത്. ഇതിന് പാലങ്ങളുടെ, നിർമ്മാണ ചെലവ് മാനദണ്ഡമാക്കാറില്ല. |
| (ബി) പാലങ്ങളുടെ ചെലവ് കണക്കാക്കുമ്പോൾ പാലത്തോടൊപ്പം അപ്രോച്ച് റോഡിന്റെ ചെലവ് കൂടി ഉൾപ്പെടുത്തിയാണോ ചെലവ് കണക്കാക്കുന്നത്; | (ബി) അതെ. |
| (സി) വൈക്കം നിയോജക മണ്ഡലത്തിൽ ടോൾ ചുമത്തുന്ന എത്ര പാലങ്ങളുണ്ടെന്നും ഈ പാലങ്ങൾക്ക് ചെലവായ തുക എത്രയെന്നും ഇവിടെ ഈടാക്കുന്ന ടോൾ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ; | (സി) വൈക്കം നിയോജക മണ്ഡലത്തിലുള്ള ഒരു പാലത്തിന് ടോൾ പിരിവ് നടത്തുന്നുണ്ട്. ഈ പാലത്തിന്റെ നിർമ്മാണച്ചെലവ് 10.50 കോടി രൂപയാണ്. ഇവിടെ ഈടാക്കുന്ന ടോൾ നിരക്ക് താഴെ പറയും പ്രകാരമാണ്. |

**ടോൾ നിരക്ക്**

**മോട്ടോർ കാർ, ടാക്സി, ജീപ്പ്, പിക്ക് അപ് വാൻ**

| | |
|---|---|
| ഒരു വശത്തേക്ക് | - 5 രൂപ |
| രണ്ട് വശത്തേക്ക് | - 8 രൂപ |
| രണ്ട് വശത്തേക്കും (രണ്ട് പ്രാവശ്യത്തിൽ കൂടുതൽ) | - 15 രൂപ |

**ലൈറ്റ് കൊമേഴ്സ്യൽ വാഹനങ്ങൾ**

| | | |
|---|---|---|
| ഒരു വശത്തേക്ക് | - | 8 രൂപ |
| രണ്ട് വശത്തേക്കും | - | 12 രൂപ |
| രണ്ട് വശത്തേക്കും (രണ്ട് പ്രാവശ്യത്തിൽ കൂടുതൽ) | - | 24 രൂപ |

**ബസ്, ലോറി, ടാങ്കർ ലോറി, മൾട്ടി ആക്സിൽ ട്രക്ക്**

| | | |
|---|---|---|
| ഒരു വശത്തേക്ക് | - | 15 രൂപ |
| രണ്ട് വശത്തേക്ക് | - | 23 രൂപ |
| രണ്ട് വശത്തേക്കും (രണ്ട് പ്രാവശ്യത്തിൽ കൂടുതൽ) ഒരു മാസത്തെ പാസ്സിൽ 30 ഒരു വശത്തേക്കുള്ള തുക | - | 45 രൂപ |

(ഡി) പാലങ്ങൾക്ക് ടോൾ നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ?

(ഡി) കേരള ടോൾസ് ആക്ട് 1976 (5 of 1977), കേരള ടോൾസ് ലെവി റൂൾസ്, 1983 എന്നിവ അനുസരിച്ചാണ് പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പാലങ്ങളിലെ ടോൾ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം ആർ.ബി.ഡി.സി.കെ.-യും, കേന്ദ്ര-സർക്കാരിന്റെ ആക്ട് പ്രകാരം ദേശീയ പാതയിലും ടോൾ നിരക്ക് നിശ്ചയിക്കുന്നു.

സെക്ഷൻ ഓഫീസർ